

# FROM NUMBER SIGN TO HASHTAG

Roshan B. Karimpaniyil, LS4

Why does everyone call the number sign (#) a hashtag ?


Today, when we surf the internet, a new trend which has devoured each and every high and low of our social media profiles is the use of 'hashtags'. It has become a part of the popular culture within the wink of an eye and now it is widely used to present our views on a particular theme, principally social protests. They are predominantly being used by the youth to divulge their emotions on contemporary societal issues. Recently, we saw such an effervescence when, the cases of the late Jisha and Michelle were presented through phrases '# JUSTICEFORJISHA' and #JUSTICEFORMICHELLE' respectively, as this would increase the reach of the post and anyone who searches for the topic using the symbol would be able to understand the popularity of the subject.

The number sign ("#"), also called the "pound sign" or "hash sign," is a specific digital and print character that is represented by the ASCII value 35 or the binary input 010-0011. Although it is not an alphanumeric character, it has been present in earlier technologies, such as in typewriter keyboards and telephone keypads, and still gets a lot of use in cutting-edge technologies, such as social media. The earliest English term for a symbol similar to "#" that etymologist have identified was the 15th Century word, "hatch", which meant 'interwoven strips of metal' and was derived from the Old French word hacher or hache. This makes sense, because the symbol does look like interwoven lines. In the 1960's the word resurfaced as "hash" in British English and referred specifically to the "#" on phone keypads and computer keyboards and was also used to precede a numeral.

In a hashtag, the number sign precedes a word or phrase or collection of characters that represents a searchable index or a metadata that describes the writer's feelings in a kind of modern shorthand, e.g., "#excited". This random symbol started creeping into popular culture when it began to pop up on the TV screens as we were urged to vote our favourite singer on reality shows, "Text your favorite artist to #25564..." and also we've seen it when we were asked to donate money to relief funds for the victims of Natural Disasters. Then out of nowhere..."#" suddenly became omnipresent, bombarded with some random phrases, especially in the social media like the Twitter, Facebook and Instagram.







# സ്വാതന്ത്ര്യം തേടുന്ന ഭക്ഷണ സംസ്കാരങ്ങൾ

ഹഫീസ് വി. എം., MSc. Mathematics

കുട്ടിക്കാലം എത്രമാത്രം ആവേശങ്ങളിലൂടെയും കരുതലുകളിലൂടെയുമാണ് കടന്നുപോയതും ഒഴുകിത്തീർന്നതും. നാട്ടിൻപുറത്തിന്റെ പല കാഴ്ചകളും രസകരമായ അനുഭവങ്ങളായി ഇന്നും ഓർക്കുന്നുണ്ടെങ്കിൽ അതിന്റെ നന്മകൾകൊണ്ട് തന്നെയായിരിക്കാം എന്ന് തോന്നിയിട്ടുണ്ട്. ഗ്രാമത്തിൽ ഒരു ഞായറാഴ്ച വരാൻ എല്ലാവരും കാത്തിരിക്കും. ആ ആഴ്ച ചന്തയിൽ നിന്നും വാങ്ങിയ കന്നിനെ അന്നാണ് വയലിന്റെ ഉണങ്ങി മെലിഞ്ഞ ഒരു ചരുവിൽ വച്ച് വെട്ടാൻ തീരുമാനിച്ചിരിക്കുക. ചെല്ലുന്നവർ പണം കൊടുത്ത് പങ്കുകൾ വാങ്ങി കറി വച്ച് കഴിക്കും. ഭക്ഷണം എങ്ങനെയാണ് ഒരു സാമൂഹിക സാഹോദര്യത്തോടും ഒരുമിച്ചിരിക്കലിനോടും സ്വാധീനിക്കുന്നത് എന്നതിനുള്ള ഉത്തരമായിരുന്നു അന്നത്തെ ഞായറാഴ്ചകൾ. കാരണം ഇറച്ചി വാങ്ങാൻ മാത്രമല്ല, ഒരാഴ്ചത്തെ നാട്ടിലെ വിശേഷങ്ങൾ, രാഷ്ട്രീയം, എല്ലാം ആ ഇടങ്ങളിൽ ചർച്ചയ്ക്കുള്ള സാധ്യതകൾ തുറന്നിട്ടിരുന്നു.

25-ാം വയസ്സുവരെ ഇറച്ചി കഴിച്ച ശീലത്തിൽ നിന്നും അവിടെ ഒരു തട രേഖയിട്ട് പെട്ടെന്നൊരു ദിവസം ഇറച്ചിഭക്ഷണം ഒഴിവാക്കുമ്പോൾ പലരും കാരണങ്ങൾ അന്വേഷിച്ചിരുന്നു. രുചി എന്ന നാവും കണ്ണും തലച്ചോറും നിയന്ത്രിക്കുന്ന വികാരത്തിന്റെ തേരോട്ടങ്ങൾ അവസാനിച്ചു പോയിട്ടൊന്നുമല്ല. പക്ഷെ എപ്പോഴൊക്കെയോ ക്ലാസ്സിലെ അദ്ധ്യാപകർ പറഞ്ഞുതന്ന വാക്കുകൾ, ആവർത്തിച്ചു കേട്ട കഥകൾ... ജീവിതത്തിലെ വലിയൊരു തീരുമാനം തീരെ മുന്നൊരുക്കമില്ലാതെയെടുക്കുമ്പോൾ ആ വാക്കിൽ നിന്നുകൊണ്ടുതന്നെ മുന്നോട്ടുപോകാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു എന്നതാണ് അത്ഭുതപ്പെടുത്തിയത്. പിന്നീട് ജീവിതം പോലും അത്തരമൊരു രീതിയിലേയ്ക്ക് മാറി വന്നപ്പോൾ എല്ലാം അതിന്റേതായ വഴിയിൽക്കൂടി സഞ്ചരിക്കണമായിരുന്നു എന്ന് സ്വയം മനസ്സിലാക്കി കഴിക്കാനും കഴിക്കാതിരിക്കാനും തീരുമാനം എടുക്കാനും എല്ലാവർക്കും അവകാശമുണ്ട്. അതും ഒരു ഭരണകൂടം ഒരു കൂട്ടം മനുഷ്യരുടെ ഭക്ഷണ സ്വാതന്ത്രത്തിനു തടയിടാൻ ഒരുങ്ങുമ്പോൾ പോലും.

ബീഫ് നിരോധനം വന്നപ്പോൾ മാത്രം ബീഫ് കഴിച്ചു രാഷ്ട്രീയത്തിന്റെ ഭാഗമായ സുഹൃത്തിനെ ഓർമ വരുന്നു. എന്താണ് മനുഷ്യന്റെ സ്വാതന്ത്ര്യം? അതിന് പരിധികൾ ഉണ്ടോ? ആ രാജ്യത്തെ ജനകോടികളിൽ ഒരു ഭാഗം എന്തെങ്കിലും ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടുമ്പോൾ അതിനു പരിഹാരം കാണാൻ ശ്രമിക്കാതെ ശേഷിക്കുന്നവരുടെ കൂടെ ഭക്ഷണ സ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങണിയുമ്പോൾ അത് ഭരണഘടന ലംഘനം കൂടിയാണെന്നതിൽ സംശയം ഒന്നുമില്ല. മാനുഷിക നിയമമാണ് അവനവന്റെ വിശപ്പിനുള്ള ഭക്ഷണം കഴിക്കുക എന്നത്. മതിയായ സൗകര്യം കിട്ടിയപ്പോൾ അവൻ അവന്റെ സ്വാദിനേയും തിരിച്ചറിഞ്ഞു. അത്തരം ഭരണരീതിയും ജീവിതത്തിന്റെ ഭാഗമാക്കി. നൂറ്റാണ്ടുകൾ കടന്നുവന്നൊരു ഭക്ഷണ സംസ്കാരം എത്ര പെട്ടെന്നാണ് രാഷ്ട്രീയത്തിന്റെ പേരിൽ ബലിയാക്കപ്പെടുന്നത്. പശുവിനെ വധിക്കുന്നതും മാംസം ഭക്ഷിക്കുന്നതും വിശ്വാസത്തിന്റെ ഭാഗമായിരുന്നെങ്കിൽ കന്നുകാലികളെ വധിക്കുക എന്നത് കോർപ്പറേറ്റ് ദൈവങ്ങളുടെ നിഗൂഢ നീക്കങ്ങളുടെ ഭാഗമായിരിക്കുന്നു. കാരണം കേന്ദ്ര സർക്കാർ കൊണ്ടുവന്ന കശാപ്പ് നിരോധനനിയമം ഇങ്ങനെയാണ് പറയുന്നത്. കൊല്ലുവാൻ വേണ്ടി കന്നുകാലികളെ വാങ്ങരുത്. കാർഷികാവശ്യങ്ങൾക്ക് കർഷകർക്ക് തെളിവ് സഹിതം ഹാജരാക്കിയശേഷം കന്നുകാലിയെ വാങ്ങാം. വാങ്ങിയാൽ ആറു മാസത്തിനുശേഷമേ തുടർ വിൽപ്പന പാടുള്ളൂ, തുടങ്ങി നിയമങ്ങൾ നീളുന്നു. മൃഗസ്നേഹികളായ കുറച്ചുപേർ നൽകിയ ഹർജിയിന്മേൽ 1960 ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽസ് ആക്ട് പ്രകാരമാണ് ഈ ഉത്തരവ് പുറത്തിറക്കിയിരിക്കുന്നത്.

വലിയ കണ്ടെയ്നർ ലോറികളിൽ കണ്ണുകളിൽ മുളക് തേച്ചും ശ്വാസം വിടാൻ പോലും നിവൃത്തിയില്ലാതെ വരിഞ്ഞു മുറുക്കി കെട്ടിയുമൊക്കെ ക്രൂരത കാട്ടി നാൽക്കാലികളെ കൊണ്ടുപോകുന്നതൊക്കെ കാണുമ്പോൾ മൃഗസ്നേഹികൾക്ക് മാത്ര

# The Secret of Success



FEMINA NOUSHAD, BS4

Life is a journey dotted with eventful phases, some which bring the joy of fulfilling experience and well being, others which make us morose and pensive. Both have their own significance in shaping our goals and objectives. To succeed in life we need two things: knowledge and confidence. Time stays long enough for anyone who will use it, we will definitely learn a lot more by doing than we will by observing ?


A successful person is someone who can make a foundation with the bricks that others throw at him. The best way to predict future is to create it. Make everything as simple as possible but not simpler. It is only the first step that is difficult, so think in a different way and create a path to success. We need to learn from our mistakes, don't just ignore them. A failure is a failure, only if we fail will we learn.

We can always become the better ones, and better being ourselves can doing the things in our own way. A goal without a plan is just a wish. We need to chase our dreams not our fears. The victory goes to the ones with preservence. The future belongs to those who believe in the beauty of their dreams. The secret of success is to count our blessings while others add up their troubles. For success, attitude is equally important as ability.

Desire is the starting point of all achievements. Without a great desire, life is constant and meaningless. The secret of success is to understand that nobody else can shape our future.It depends upon what we do in the present. Only we can control our future. The obstacles in our past can become the gateways that lead to new beginnings. Actually nothing is particularly hard if we divide it into small tasks. "Love what you do. Do what you love". So aim for the moon, if we miss we may hit a star. Go confidently in the direction of our dreams, live the life we have imagined. Follow our goals and let noting get in the way of our dreams…!

The secret of success
is hidden in
your daily routine

~ Jody Victor










ആരതി എം. എസ്., LS4

## സ്മാർത്ത വിചാരം
## ഒരു സ്ത്രീ വിചാരം..........

അന്ന്, താത്രിക്കുട്ടിക്കേസിൽ
സ്മാർത്ത വിചാരമായിരുന്നു.
ഇന്ന് വിചാരം മാത്രമല്ല
വിചാരണയും മാറി...................
ആദ്യമായി സാധനം പ്രതികരിച്ചത്
താത്രിക്കുട്ടിയിലായിരുന്നെങ്കിൽ
ഇന്ന് അവൾ പ്രതികരിച്ചാൽ
അത് പ്രതികാരം കൂടിയാകും.
താത്രിക്കുട്ടി രണ്ട് കുറയെ അറുപത്തിനാല്
പേരുകൾ പറഞ്ഞപ്പോൾ
ഇന്നവൾ എണ്ണത്തേക്കാൾ
ഘനം നോക്കിയേക്കാം...
ഏതായാലും അന്ന് രാത്രിയെയും
ഇന്ന് അവളെയും
അധികം പറയാൻ സമാർത്തൻമാർ സമ്മതിച്ചില്ല
അല്ലെങ്കിലും അതങ്ങനെയേ വരൂ.... !






Sr. Athulya Jose, HS4

## MOTHER

Mother who gave us her heart, her very soul,
Mother, the one who dried our tears,
Mother who washed clothes and cleaned the house,
Mother, who instilled confidence in her children
Mother who walked with us to the school
Mother who loved us like no other
Mother, who never forgets our special occasions
Mother, who was always the first to rise
Mother, who was always the last to sleep
Mother, who always see good in us
Mother, who always taught us never to give up
Mother, who was grateful for every passing
acknowledgment
Mother, whose love knew no limits
Mother, Mother, Mother you were like no other .



# അനുഭവം



CSUO SACHIN MATHEW

2016 Dec 28 ന് കോഴിക്കോട് നിന്ന് എന്റെ യാത്ര ഞാൻ ആരംഭിച്ചു. 120 ദിവസം നീണ്ട പരിശീലനത്തിനു ശേഷമാണ് Kerala & Lakshadeep (K & L) ടീം ഡൽഹിയിലേക്ക് യാത്ര തിരിച്ചത്. മൂന്ന് ദിവസം നീണ്ട ട്രെയിൻ യാത്രയ്ക്കൊടുവിലാണ് ഡൽഹിയിൽ എത്തിയത്. കടുത്ത കാലാവസ്ഥാവ്യതിയാനമുണ്ടായിരുന്നിട്ടും മത്സരങ്ങളുടെ തീക്ഷ്ണതയെ തുടർന്ന് തണുപ്പ് K & L ടീമിനെ ബാധിച്ചില്ല. രാവിലെ മൂന്നുമണി മുതൽ വിവിധ ജോലികളും പരിശീലനങ്ങളും ക്ലാസുകളും ആരംഭിച്ചു. വിവിധയിനം മത്സരങ്ങൾ നടന്നു. ഫ്ളാഗ് ഏരിയ മത്സരത്തിന് K & L ടീമിന് രണ്ടാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു. അവിടെ വച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രൈം മിനിസ്റ്റർ, ഡിഫൻസ് മിനിസ്റ്റർ തുടങ്ങി മറ്റു പ്രമുഖരോടൊപ്പം കുറച്ച് സമയം ചെലവഴിക്കാൻ സാധിച്ചു. സേനയെക്കുറിച്ച് കൂടുതൽ അറിയാനും വിവിധ ആയുധങ്ങൾ കാണാനും സാധിച്ചു. ഡൽഹിയിലെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കാണാൻ സാധിച്ചു. പ്രൈം മിനിസ്റ്റർ റാലിയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയൊരു അനുഭവമായി തോന്നി. ക്യാമ്പിൽ വച്ച് പരിചയപ്പെട്ട വിവിധ കൂട്ടുകാരും അവരോടുള്ള കൂട്ടുകെട്ടും എന്നെ കൂടുതൽ സന്തോഷവാനാക്കി. ഒരിക്കലും മറക്കാനാവാത്ത ഒരു പ്രഥമ അനുഭവമായിരുന്നു എനിക്ക് എന്റെ ഡൽഹിയാത്ര.





UO SARATH SASI

2017 സെപ്റ്റംബർ 17ന് ഡൽഹിയിലേക്ക് വണ്ടി കയറുമ്പോൾ മനസ്സുനിറയെ സന്തോഷമായിരുന്നു. സഫലമാകാൻ പോകുന്നത് മാസങ്ങൾ നീണ്ട കാത്തിരിപ്പും കഷ്ടപ്പാടും. പോകുന്ന വഴിയിൽ വ്യത്യസ്ത ഭൂപ്രകൃതികളും ജനജീവിതങ്ങളും. ഇന്ത്യയുടെ വൈവിധ്യങ്ങളെ കണ്ടറിഞ്ഞ ഒരു ട്രെയിൻ യാത്ര. മാറി മാറി വരുന്ന തുരങ്കങ്ങളും മലകളും മരുഭൂമികളും വ്യത്യസ്തമായൊരനുഭവം നൽകി.

ഓരോ സ്റ്റേഷൻ പിന്നിടുമ്പോഴും വ്യത്യസ്ത തരത്തിലുള്ള ആളുകൾ, കച്ചവടക്കാർ, ശബ്ദങ്ങൾ. അന്നന്നത്തെ വയറിനായി ഭിക്ഷ യാചിക്കുന്ന കുട്ടികൾ, ഹിജഡകൾ. അതിൽ ഏറ്റവും ഹൃദയഭേദകമായ കാഴ്ച കുട്ടികളുടെ ഈ ഭിക്ഷ യാചിക്കലായിരുന്നു.

അക്കൂട്ടത്തിൽ ഒരുവൾ, സാനിയ അവൾ വേഗത്തിൽ ഞങ്ങളുടെ എല്ലാവരുടേയും ശ്രദ്ധയാകർഷിച്ചു. നാലോ അഞ്ചോ വയസ്സ് മാത്രം പ്രായം തോന്നിക്കുന്ന ഒരു കുരുന്ന്. തല മറച്ചിരുന്ന റോസ് തട്ടത്തിനുള്ളിൽ അവളുടെ മുഖത്തിന് ഒരു കാന്തിക സ്വഭാവം ഉണ്ടായിരുന്നു.

അങ്ങനെ സെപ്റ്റംബർ 20ന് അതികഠിനമായ ചൂടോടുകൂടി ഡൽഹി റെയിൽവേ സ്റ്റേഷൻ ഞങ്ങളെ വരവേറ്റു. ഡൽഹിയിൽ ഞങ്ങളെ കാത്തിരുന്നത് വലിയൊരു മത്സരമാണ്. ഇന്ത്യയിലെ 17 NCC Director ലേയും തിരഞ്ഞെടുക്കപ്പെട്ട NCC കേഡറ്റുകൾ 7 ഇനങ്ങളിലായി മത്സരിക്കുന്നു. Obstacles, Firing, Map reading അങ്ങനെ പോകുന്നു മത്സര ഇനങ്ങൾ. ഡൽഹിയിലെ ആ 12 ദിവസങ്ങൾ ശരിക്കും ഒരു പരീക്ഷണം തന്നെയായിരുന്നു. മത്സരത്തിന്റെ സമ്മർദ്ദവും ചൂടും പൊരുത്തപ്പെടാനാകാത്ത ഭക്ഷണരീതിയും എല്ലാം മനസ്സ് മടുപ്പിച്ചുകളഞ്ഞു. യഥാർത്ഥത്തിൽ നമ്മുടെ നാടും വീടും ഹരിതാഭയും പച്ചപ്പുമൊക്കെ മിസ്സ് ചെയ്തു എന്ന് വേണം പറയാൻ. ആകെ കിട്ടിയ ആശ്വാസം 'ഡൽഹി ദർശൻ' എന്ന പേരിൽ നടത്തിയ യാത്രയായിരുന്നു. കുത്തബ് മിനാറും, റെഡ് ഫോർട്ടും ഇന്ത്യാ ഗേറ്റും കണ്ടു കൊണ്ടുള്ള യാത്ര. ജീവിതത്തിൽ ആദ്യമായിട്ടും ഒരുപക്ഷെ അവസാനമായിട്ടും ആയിരിക്കാം ആ സ്ഥലങ്ങൾ കണ്ടത്.

തിരികെ മടങ്ങുമ്പോൾ സ്വപ്ന സാക്ഷാത്കാരത്തിന്റെ നിർവൃതിയായിരുന്നില്ല, മറിച്ച് അവസാനിച്ചല്ലോ എന്ന സന്തോഷമായിരുന്നു.







അജ്മി റഹിം, ES2

## കാലത്തിനായ് മാറ്റപ്പെട്ടവർ

അന്ധകാരത്തിന്റെ മറനീക്കി
മാനം കൊതിക്കുന്ന താരമായ്
മിന്നാൻ വെമ്പുന്ന മനസ്സും
പിടയുന്ന ഹൃദയവും താൻ തന്നെയല്ലയോ
യെന്ന് ചിന്തിക്കാൻ മടിക്കുന്ന സമൂഹമോ
സ്ത്രീകൾ...............
കാരാഗൃഹത്തിൽ പിടയുന്ന
കാലത്ത് സ്വാതന്ത്ര്യമെന്നത്
കാരിരുമ്പും
കാലത്തിനൊപ്പം ചലിച്ചപ്പോൾ
അസ്ത്രങ്ങളായി പതിച്ചത്
സ്വാതന്ത്ര്യമെങ്കിലും, ഇനിയും
മാറാത്ത സമൂഹത്തിന്റെ
മറ്റൊരു കളിക്കോപ്പുകളോ
സ്ത്രീകൾ !!
കാട്ടാള വീചികൊണ്ട് നോക്കുമ്പോഴും
അഗ്നിച്ചുരുളാൽ കത്തിജ്വലിക്കാൻ
ശ്രമിക്കുമ്പോഴും ആനന്ദമെന്നതന്ധകാരം
ഈ കാലത്തിനായ് മാറ്റപ്പെട്ടവരോ
സ്ത്രീകൾ...............





## ജനാധിപത്യം

ശിൽപ സണ്ണി, PS4

അതിരുകൽപ്പിച്ചിരുന്ന സമൂഹത്തിന്റെ
അതിരുകല്ലിൽ മുറുക്കിത്തുപ്പി
വിശാലതയിൽ നീരാടിയിരുന്ന
തന്റെ ചിന്തകളെ തലയുയർത്തി
കുനിഞ്ഞിരുന്നെഴുതിയ
കവിയുടെ മഷിപുരണ്ട ഡയറിത്താളുകളിൽ
അവൻ സീലു വച്ചു
യുക്തി അറിയാതെ
മിഴിച്ചു നോക്കിയ
കവിയുടെമേൽ
പല്ലുകൾ കാട്ടിച്ചിരിച്ച്
അവരുടെ പരുക്കൻ
ശബ്ദം നിരോധനം
പ്രതിഷേധങ്ങൾക്ക്
നിരോധനം
തൂലികയെ വിലങ്ങുവച്ച്
പെട്ടിയിലടച്ച്
സംസ്കാരം ഒടുവിൽ
നാവുചലിപ്പിച്ച
കവിയുടെ വായിൽ
വെളുത്ത പോസ്റ്റർ
"ജനാധിപത്യം"

*Life is the art of drawing without eraser so be careful white taking small decision about your valuable pages of life.........*

